

# പട്ടം പറത്തുന്നവർ..

DUHSS PANAKKAD

Panakkad, Patterkadavu PO,
Malappuram, Kerala
Pin-676519 Ph: 0483 273 5075

THE MAGAZINE BY LITTLE KITES BATCH 2022~25



# പട്ടം പറത്തുന്നവർ...

| ജില്ല |
| --- |
| മലപ്പുറം |
| ഉപജില്ല |
| മലപ്പുറം |
| റെവന്യൂ ജില്ല |
| മലപ്പുറം |
| വിദ്യാഭ്യാസ ജില്ല |
| മലപ്പുറം |
| പ്രധാന അദ്ധ്യാപിക |
| ശ്രീലത വി ആർ |
| പി ടി എ പ്രസിഡന്റ് |
| കുഞ്ഞയമ്മദ് |
| എം പി ടി എ പ്രസിഡന്റ് |
| ഷബ്നാബീഗം |

## DUHSS PANAKKAD





# ഉദ്യമത്തെപ്പറ്റി രണ്ടുവാക്ക് ..!!

പ്രിയരേ,
ഈ ഉദ്യമത്തെപ്പറ്റി രണ്ടുവാക്ക് ..!!
അക്കാഡമിക് തിരക്കുകളിൽ ലേശം വെപ്രാളപ്പെടുന്ന സമയമാണല്ലോ ഇത് . ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളിൽ അൽപ്പം വേറിട്ട ഉദ്യമമാണല്ലോ ഡെസ്ക്ടോപ്പ് പബ്ലിഷിംഗ്. സാധാരണ റൈറ്റർ ഫോർമാറ്റിൽ ടൈപ്പിംഗ് പ്രവർത്തനങ്ങളും ലേ ഔട്ടുകളും ചെയ്ത് പരിശീലിച്ച, ജിമ്പും ഇങ്ക്സ്കേപ്പും ഉപയോഗിച്ച് ഡിസൈനിങ് പരിശീലിച്ചിരുന്ന നമ്മുടെ കുട്ടികൾക്ക് സ്ക്രൈബസ് തീർത്തും വേറിട്ട അനുഭവങ്ങളും ആശങ്കകളും ആശയക്കുഴപ്പങ്ങളും സമ്മാനിച്ചെങ്കിലും ക്ഷമയോടെ തിരക്കുകൾക്കിടയിലും പരമാവധി കാര്യങ്ങൾ ഭംഗിയായി ചെയ്തുതീർക്കാൻ ശ്രമിച്ചതിന്റെ ഫലമാണ് ഈ മാഗസിൻ താളുകൾ. പൂർണ്ണമായും സ്ക്രൈബസിലാണ് ഈ മാഗസിൻ തയ്യാറാക്കിയിട്ടുള്ളത്. മുഴുവൻ അംഗങ്ങളുടെയും മാസ്റ്റർ മിസ്ട്രസ്സുമാരുടെയും ശ്രമഫലമാണ് ഓരോ സൃഷ്ടിയും അതിന്റെ ആവിഷ്കാരവും ക്രമീകരണപ്രവർത്തനങ്ങളും. ഐ ടി പരീക്ഷയുടെയും ലാബ് പ്രവർത്തനങ്ങളുടെ അവസര ദൗർലഭ്യവും വെല്ലുവിളി ഉയർത്തിയിരുന്നെങ്കിലും അധ്യയന ഇടവേളകളിൽ പരമാവധി സമയം കഴിയും വിധം അർപ്പണബോധത്തോടെ ഇറങ്ങിയൊരുങ്ങിയതിന്റെ ആകെത്തുകയാണ് ഈ സമർപ്പണം.

കൈറ്റ് ട്രൈനർമാരുടെ, മാസ്റ്റർ ട്രെയിനർമാരുടെ കൈത്താങ്ങാണ് ഈ ഉദ്യമത്തിന് ഊർജ്ജവും ആശ്വാസവും പകർന്നത്. പ്രിയപ്പെട്ട എച്ച് എം ശ്രീലത ടീച്ചറുടെയും ഐ ടി മാസ്റ്റർ ട്രെയ്നറും എസ് ഐ ടി സി യുമായ നജീബ് സാറിന്റെയും നിസ്സീമമായ സഹകരണം കൂടി ഈ ഉദ്യമത്തിന് കരുത്തേകി. ഇവരെയും ഈ പ്രവർത്തനത്തിൽ സഹകരണം നൽകിയ സ്കൂളിലെ മറ്റ് അദ്ധ്യാപക-അനദ്ധ്യാപക സൗഹൃദങ്ങൾക്കും വിപുലമായ ലാബ് സൗകര്യങ്ങളും പശ്ചാത്തലവും ഒരുക്കിയ സ്കൂൾ മാനേജ്മെന്റിനോടും ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മയുടെ അകൈതവമായ നന്ദി പ്രകാശിപ്പിക്കുന്നു.
എണ്ണം പറഞ്ഞ എഡിറ്റോറിയൽ ബോർഡോ, പരമ്പരാഗത മാഗസിൻ കമ്മറ്റിയോ ഇല്ലാതെ, ദാറുൽ ഉലൂം ഒൻപതാം തരം ലിറ്റിൽ കൈറ്റ്സ് ലീഡർ നിഹ്‌ലയുടെ മേൽനോട്ടത്തിൽ ലിറ്റിൽ കൈറ്റ്സിന്റെ കൂട്ടായ്മ ഏകമനസ്സോടുകൂടി ആസ്വാദക സമക്ഷം അവതരിപ്പിക്കുന്നു...'പട്ടം പറത്തുന്നവർ'. ഞങ്ങൾ കുട്ടിപ്പട്ടങ്ങൾക്ക് കരുത്തുറ്റ കൈകളാൽ കരുതലിന്റെ നൂൽനിയന്ത്രണം നിറവേറ്റുന്ന കൈറ്റ് മിസ്ട്രെസ്സ് സീഭ ടീച്ചറും, മാസ്റ്റർ രാജേഷ് സാറുംകേവലം അക്ഷരങ്ങളുടെ നന്ദിവാക്കുകൾക്ക് അപ്പുറം ഹൃദയത്തോട് ചേർന്ന് നിൽക്കുന്നു. പരിമിതമായ സമയത്തിനുള്ളിൽ ചെയ്തുതീർക്കാനുള്ള വ്യഗ്രത ചിലപ്പോൾ ഈ ഉദ്യമത്തിന്റെ പോരായ്മയായി നിഴലിച്ചേക്കാം. എങ്കിലും തുടക്കക്കാരുടെ പരിശ്രമം എന്ന നിലയിൽ ഇതിനെ വിലയിരുത്താനും പ്രോത്സാഹിപ്പിക്കാനും ആസ്വാദക ഹൃദയങ്ങൾക്ക് സാധിക്കണമെന്ന പ്രാർത്ഥനയോടെ ഈ ഉദ്യമം - 'പട്ടം പറത്തുന്നവർ' നിങ്ങളുടെ മുന്നിലേക്ക് സഹൃദയം സാദരം സമർപ്പിക്കട്ടെ ..!!


**-ടീം ലിറ്റിൽ കൈറ്റ്സ് - ഡി യു എച്ച് എസ് എസ്, പാണക്കാട്.**

കവിത : **ഇനിയും വറ്റാത്ത നീരുറവകളോട്...**

പിന്നെയും പിന്നെയും നീ ഒഴുകുക..
ധന്യമായ പുഞ്ചിരികളെയും ചിറകടിക്കുന്ന
മോഹങ്ങളെയും നീ
കൂടെ ഒഴുക്കുക..
മലീമസമാവാത്ത വിധം നീ നിന്റെ തുള്ളികളെ
സംഭരിച്ചു വെക്കുക..
അഥവാ ഇനി അത് തളർന്നാൽ തന്നെ,
നിന്നിലുള്ള തുള്ളികൾ കൊണ്ട് അതിനെ നിറയ്ക്കുക....

വീണ്ടും നീ പഴയത് പോലെ ശാന്തമായിത്തന്നെ ഒഴുകുക..
നിന്നെ പുൽകാൻ ആരുമില്ലെങ്കിലും
നിന്നെക്കാളേറെ നീ നിന്നെ സ്നേഹിക്കുക വിശ്വസിക്കുക..
നിന്നിലേക്ക് എറിയപ്പെട്ട തടസങ്ങളെ മായ്ച്ചുകളയുക..
ഒഴുക്കിനടിയിൽ ചിലപ്പോൾ നിനക്കൊന്ന് കരയേണ്ടി വന്നേക്കാം..
ഒരിക്കലും മടിക്കാതെ തന്നെ നിന്റെ കണ്ണുനീരിനെയും ഒഴുക്കിയിറക്കുക..
ശേഷം, മറ്റുള്ളവർക്ക് അനുകരണീയമായൊരു തെളിനീരാവുക..
ഒഴുക്കിന്റെ ഇടവേളകളിൽ നീ മുങ്ങിത്താഴുമ്പോൾ നിന്നെ വീണ്ടും ഒഴുക്കാനൊരു
നീർച്ചാലിനെ സൃഷ്ടിച്ചു വെക്കുക....!!

അവസാനം നീ ഒഴുകിഎത്തേണ്ട ചാലിലേക്ക് നീ ഒലിച്ചിറങ്ങിക്കോളു..
അന്നേരത്തേക്കും നീ ഇവിടം കൊണ്ട് നിറയുന്ന ഒരു കടലാവുക...!!!
***************************************** Sahla M





# THE BURNED BISCUIT

**“Honey, I love burned biscuits.”Later that night, I went to kiss Daddy good night, and I asked him if he really liked his biscuits burned. He wrapped me in his arms and said, “Your Momma put in a hard day at work today and she's real tired. And besides – a little burnt biscuit never hurt anyone!”**

A story about a boy named tobi (frictional character). when tobi was a kid , his Mom liked to make breakfast and dinner every now and then. He remember one night in particular when she had made breakfast after a long, hard day at work. On that evening so long ago, his Mom placed a plate of eggs,sausage and extremely burned biscuits in front of his dad.

He remember waiting to see if anyone noticed! All his dad did was reach for his biscuit, smile at his Mom and ask tobi how his day was at school. Tobi don't remember what he told him that night, but he do remember watching his dad smear butter and jelly on that ugly burned biscuit. He ate every bite of that thing never made a face nor uttered a word about it!

When tobi got up from the table that evening, he remember hearing his Mom apologize to his dad for burning the biscuits. And he will never forget what his dad said, "Honey, I love burned biscuitsevery now and then."



Later that night, tobi went to kiss his daddy and said good night and he asked him if he really liked the burned biscuit. His dad wrapped him in his arms and said, "Your Mom put in a hard day at work today and she's really tired. And besides-a little burned biscuit never hurt anyone!"As he grown older, he thought about that many times. Life is full of imperfect things and imperfect people.He is not the best at hardly anything, and he forget birthdays and anniversaries just like everyone else. But what he had learned over the years is that learning to accept each other's faults and choosing to celebrate each other's differences is one of the most important keys to creating a healthy, growing, and lasting relationship.

We must learn to take the good, the bad, and the ugly alongwith the beautiful. Because in the end, we all live together and tolive healthly we must be able to take in everything.

Understanding on another is the base of any relationship, beit a husband-wife or parent-child or in oue friendships!

Don't put your key of happiness in someone else's pocket-keep it in your own and live happy.

So, yes, please pass me a biscuit, and yes, the burned one

will do just fine.We must relize to be kind to those around us because wenever know what battle they may be fighting.

-Haleemahanna - 9B



# ലേഖനം: ലഹരിയിൽ കുതിർന്ന യുവതലമുറ

മനുഷ്യനെ മൃഗമാക്കുന്ന മദ്യവും മയക്കമരുന്നും ഉപയോഗിക്കാത്തവർ അപൂർവ്വമായി കൊണ്ടിരിക്കുകയാണ്. യുവത്വം മദ്യത്തിൻ്റെയും മയക്കമരുന്നിൻ്റെയും അടിമയാകുന്നത് നമ്മുക്ക് കാണാൻ സാധിക്കുന്നത്. ഇന്ന് വളർന്നു വരുന്ന യുവതലമുറയെ ലഹരി പദാർത്ഥങ്ങളിൽ അകപ്പെടുത്തി ജീവിതം താറുമാറാക്കുകയാണ് ചെയ്യുന്നത്. സ്കൂൾ,കോളേജുകൾ കേന്ദ്രീകരിച്ച് ലഹരി മാഫിയ പ്രവർത്തിക്കുകയും വിദ്യാർത്ഥികളെ അവരുടെ കണ്ണികളായി ഉപയോഗിക്കുകയും ചെയ്യുന്നത് ഇന്ന് നമ്മുക്ക് കാണാൻ സാധിക്കുന്നതാണ്.കൗമാരക്കാരായ പെൺകുട്ടികൾ പോലും ഇന്ന് വ്യാപകമായി ലഹരി ഉപയോഗിക്കുന്നു.



മദ്യത്തിൻ്റെ ഉപയോഗം ഇന്ന് യുവാക്കളിൽ വർദ്ധിച്ചു വരുന്നു. വിഷു,പെരുന്നാൾ, ക്രിസ്മസ്, പുതുവത്സരം ഇത്തരം ആഘോഷങ്ങളിൽ മലയാളി കുടിച്ചു തള്ളുന്നത് കോടിക്കണക്കിന് രൂപയുടെ മദ്യമാണ്.മയക്കമരുന്ന് സമൂഹത്തെയും കുടുംബത്തെയും നശിപ്പിക്കുന്ന ഒന്നാണ്. മദ്യവും മയക്കമരുന്നിനും പിറകെ ലോകം സഞ്ചരിക്കുന്ന ഈ യാമത്തിൽ ധാർമ്മികമായ ഉദ്ബോധനവും ശക്തമായ ബോധവൽക്കരണവും ഇന്ന് നമ്മുക്ക് അത്യാവശ്യമാണ്. വിദ്യാർത്ഥികൾക്ക് പഠിപ്പും പത്രാസും പണവും നൽകിയാൽ പോര മറിച്ച് സത്യവും ധർമ്മവും നന്മയും മൂല്യവും വിശ്വാസവും പകർന്നു കൊടുത്താലേ അവർ നാളത്തെ വാഗ്ദാനങ്ങളാവൂ. ലഹരിയുടെ മാരകമായ വിപത്തിനെ കുറിച്ച് ജനങ്ങളെ ബോധവത്കരിക്കുകയും സ്വയം ബോധവാനാക്കുകയും വേണം.

**"ആരോഗ്യമുള്ള ജനതയും ജാഗ്രതയുള്ള മനസ്സുമാണ് ഒരു ക്ഷേമ രാഷ്ട്രത്തിൻ്റെ അടിസ്ഥാനം"**

എന്ന നെഹ്റുവിൻ്റെ വചനത്തോടെ നല്ല നാളെക്കായി കാത്തിരിക്കാം...!!!

************************************************ Aysha Shibila.OC-9E

കവിത : **അമ്മ**

കാനനത്തിന്റെ മധുരമായ ഗാനം,
സൂര്യാസ്തമയത്തിന്റെ രോമാഞ്ചം,
അമ്മയുടെ കൈകളിൽ സൃഷ്ടികളുടെ
കഥകൾ മനസ്സിലാകുന്ന അനുഭവം.

അമ്മയുടെ കണ്ണുകൾ സൃഷ്ടികളുടെ
അനന്തസാഗരത്തിൽ ആഴഞ്ഞുനിൽക്കുന്നു,
മാതൃത്വം അനുഭവിക്കുന്ന പ്രതികമായി
അമ്മയുടെ ഹൃദയം വിരിഞ്ഞുനിൽക്കുന്നു.

പരസ്പരം സ്നേഹം നിറഞ്ഞ
അമ്മയുടെ അംഗീകാരത്തോടെ,
ജീവനുള്ള അർഥങ്ങൾ അറിയുന്ന
അമ്മയുടെ കവിത ഹൃദയം സ്പർശിക്കുന്നു.



## കഥ : നഷ്ട വസന്തം



ഇന്റർവെല്ലിന്റെ മണിയൊച്ച കേട്ടപ്പോൾ കുട്ടികൾ പുറത്തേക്കോടി

ആളൊഴിഞ്ഞ ക്ലാസ് റൂമിൽ നിഷാനും സൽമാനും ജുമാനയും പിന്നെ ഞാനും ഒരുമിച്ച് കളിക്കുന്നതു കണ്ട് വരാന്തയിലൂടെ നടന്ന് പോയ ടീച്ചർ ഞങ്ങളുടെ കുസൃതി നിറഞ്ഞ അന്തരീക്ഷത്തിലേക്ക് ജനൽ പാളികളിലൂടെ മെല്ലെ ഒന്ന് എത്തിനോക്കി

തന്റെ കുട്ടികൾ കൊണ്ടും കൊടുത്തും പരസ്പരം അടുത്തറിഞ്ഞും എത്രമാത്രം സ്നേഹത്തോടെയാണ് ഇരിക്കുന്നത് എന്ന് വളരെ അഭിമാനത്തോടെ ഓർത്തു

വാൽസല്യത്തോടെ ഞങ്ങളെ അടുത്തു വിളിച്ച് അഭിനന്ദിച്ച്
എന്നും ഇങ്ങനെ തന്നെ വേണം നിങ്ങൾ വളരുമ്പോഴും ഈ കൂട്ടായ്മ കൈവിടരുതെന്നു ഉപദേശിച്ച് ടീച്ചർ നടന്നകന്നു

രണ്ട് വർഷങ്ങൾക്കപ്പുറം കഴിഞ്ഞ ഓർമ്മകളിലേക്ക് റിദ വെറുതേ ഒന്നു തിരിഞ്ഞു നോക്കി നെടുവീർപ്പിട്ടു

എന്ത് മാത്രം സന്തോഷത്തിന്റെ ദിനങ്ങളാണ് പൊഴിഞ്ഞു പോയതെന്നോർത്ത് മനസ്സ് തേങ്ങി

ഒരിക്കലും നിനച്ചിരിക്കാതെ എത്ര പെട്ടന്നാണ് ലോകം കീഴ്മേൽ മറിഞ്ഞത് കുട്ടികളായ ഞങ്ങൾക്ക് കൂട്ടതലൊന്നും ചിന്താശേഷിയില്ലല്ലോ ഒരു മാറാവ്യാധിയുടെ മുമ്പിൽ ലോകം വിറങ്ങലിച്ച് നിന്നപ്പൊ . നഷ്ടപ്പെട്ടതു ഞങ്ങളുടെ ബാല്യം തന്നെയല്ലെ പലതും ഓർത്ത് സിറ്റൗട്ടിന്റെ ചാരുബെഞ്ചിൽ വെറുതെയിരുന്നപ്പോൾ ഉമ്മാന്റെ വിളിയൊച്ച . എന്റെ ചിന്തകൾ മുറിച്ചു

റിദാ ... ഓൺലൈൻ ക്ലാസ്സിനിരിക്കുന്നില്ലെ ഒരു തരം മരവിപ്പോടെയാണ് ഞാൻ ടിവിക്ക് മുമ്പിൽ എത്തിയത്
കലാലയ ജീവിതത്തിന്റെ നല്ല ഓർമ്മയിൽ ഓൺലൈൻ ക്ലാസ്സിന് ഒരു മാധുര്യവും തോന്നിയില്ല
വിധിയെ പഴിച്ച് ക്ലാസ്സ് കേട്ടുകൊണ്ടിരുന്നു
ദിനമേതെന്നറിയാതെ ഓരോ ദിവസങ്ങളും ആഴ്ചകളും കടന്ന് പോയി കൊണ്ടിരുന്നു
ഇത്തയുമായി ഫോണിന് വഴക്കടിച്ചും ഇണങ്ങിയും പിണങ്ങിയും നഷ്ടപ്പെടുത്തിയ നിമിഷങ്ങൾ മാത്രമായി ജീവിതം






വീടു തന്നെ വിരസമായ നാളുകൾ. മനസ്സ് മാറ്റത്തിന്ന് വേണ്ടി വല്ലാതെ കൊതിച്ച
വിരഹമായ രാവുകളും വിരസമായ പകലുകളും മാത്രം ജീവിതത്തിന്റെ ഭാഗമാവുന്നുവോ എന്നറിഞ്ഞപ്പോൾ
അങ്ങ് ദൂരെ ഗ്രാമത്തിലുള്ള ഉമ്മ വീട്ടിൽ പോയി.

യാത്രാ മദ്ധ്യേ നഗര വീജിയിലേക്ക് കണ്ണും നട്ടിരുന്നു
അടഞ്ഞുകിടക്കുന്ന കടകമ്പോളങ്ങളും ശൂന്യമായ നടപ്പാതയും എന്നിൽ നൊമ്പരമുണർത്തി.

അടഞ്ഞുകിടക്കുന്ന സ്കൂൾ ഗൈറ്റും ശ്മശാന മൂഖമായ കെട്ടിടവും കണ്ടു മനസ്സ്
 വിമൂകം വിതുമ്പി

വഴിയോര കാഴ്ചകൾ മങ്ങി മങ്ങി വരുന്നതു പോലെ .ഉമ്മ വീട്ടിൽ എത്തിയതറിഞ്ഞില്ല

ഇവിടുത്തെ അന്തരീക്ഷത്തിന് നല്ല മാറ്റം മനസ്സൊന്ന് തുടിച്ചുണർന്നു ചിന്തകൾക്കും നൊമ്പരങ്ങൾക്കും വിരാമമിട്ട് സ്വന്തം ബാല്യം തിരിച്ച പിടിക്കാൻ സ്വയം ശ്രമിച്ചു
അങ്ങ് ചക്രവാളത്തോളം നീണ്ടു പരന്നുകിടക്കുന്ന ആകാശത്തേരിലേറി ഇള ം തെന്നെലേറ്റ് പൂക്കളോടും തുമ്പിയോടും കിന്നാരം പറഞ്ഞ് പാടവരമ്പിലൂടെ തോട്ടിൻ കരയിലേക്ക് തുള്ളി ചാടി നടന്നു.
എന്നോ പൊഴിഞ്ഞ നഷ്ടവസന്തത്തിന്റെ പൊട്ടും പൊടിയും പെറുക്കിയെടുത്തു
കൂട്ടുകാരൊത്ത് പതുക്കെ തിരിഞ്ഞു നടന്നു
അപ്പോഴേക്കും സൂര്യൻ പ്രപഞ്ചത്തിലാകെ സ്വർണ്ണ വർണ്ണം പടർത്തി കടൽ തീരത്തണത്തിരുന്നു

**************************************************



# A SCHOOL LIFE!!

The weather can be totally unpredictable
The human tendency like it is not at all acceptable
The rain is our main source of inspiration
We welcome it in its complete duration
There is tremendous change with the arrival of season
Initial days are quite enjoyed with good reasons
The children too like their initial school days
The parent to find good hope with rays
The school transform the character of child
They learn the basic elements and remain mild
They have innocence but do not act as fool
They learn a lot so long as they remain in school
It is lot more to gain and act
This is most unforgettable fact
It is always remembered in spare days
As it has taught us in many ways
There is enough time to focus on future
The last year shapes destiny and makes it sure
The time is approaching near to give farewell
Everybody is in fine mood to remember it well
The last moments are full of joy
They make it memorable and enjoy
The time and tide waits for none
The saying is well remembered by everyone
The school days are not forever
It has brief spell but to be spent there however
The long association makes them little upset
But the day for for departure is already set
It is natural to feel pain in separation
Everybody become so much emotional
So many incidences emerge in memory lane
As they have decided to leave the school by bus or plane
It may be altogether new experience
Now they have responsibility and enough sense
They may remain busy after leaving the busy life
The teacher has always remained them about edge of knife

- HaleemaHanna 9B



കവിത : **രക്തദാഹി**



പുലരിതൻ തുടിപ്പും മാഞ്ഞു
താമസ്സിൻ പവിത്രയും മാഞ്ഞു
നോവുമാത്മാവിന്റെ കണ്ണീരൊപ്പിയതും
നാമെല്ലാം ഒന്നാണെന്ന് വചനവും മാഞ്ഞു
സ്വാർത്ഥത കൈവരിച്ചങ്ങും നെട്ടോട്ടമായി
വാരിക്കൂട്ടുന്നു മർത്യൻ അർത്ഥവും പദവിയും
ദിക്കുകളിൽ ചവിട്ടി കുലുക്കീ നരൻ
അഹം എന്ന പാവം പൂണ്ട ഈ ലോകം
ജ്വലിക്കു മർത്യഞ്ഞു കീഴിൽ കരിയുന്ന ബാല്യം
പിഞ്ചിളം പൈതലിൻ രോദനം കേൾക്കയായി
വ്യാകുല ചിത്തരായ് ഉറ്റവരുടയോരും
ചുടുനെടു വീർപ്പുകളുതിർക്കുന്ന ദിനം തോറും
തൻസഹജീവികളെ നിഷ്ഠൂരം കൊലചെയ്ത്
അട്ടസിക്കുന്ന വാളുയർത്തിയവൻ
ഇറ്റുവീഴുന്ന രുധിരം നുണയുന്നു
നിണത്താൽ ചുവക്കുന്നു സാഗരയലകളും
ഹേ  മനുഷ്യാ നീ ആർക്കുവേണ്ടി
താണ്ഡവ നർത്തനമാടീടുന്നു
നിൻ മൃത്യു ക്ഷണികമാണെന്ന്നോർക്കാതെ
എന്തിനു ദാഹിയായ് മാറിടുന്നു

Nihla MK-

********************************************

ജീവചരിത്രക്കുറിപ്പ് : **കമല സുരയ്യ**




1934 മാർച്ച് 30ന് ബാലാമണിയമ്മയുടെയും വി എം നായരുടെയും മകളായി ജനനം. ഇന്ത്യൻ ഇംഗ്ലീഷ് മലയാളം സാഹിത്യകാരിയായിരുന്ന കമല സുരയ്യ. മലയാള രചനകളിൽ മാധവിക്കുട്ടി എന്നും ഇംഗ്ലീഷ് രചനകളിൽ കമലാദാസ് എന്ന പേരിലുമാണ് അവർ രചനകൾ നടത്തിയിരുന്നത് കമല ബാല്യം ചിലവഴിച്ചത് കൽക്കത്തയിൽ ആയിരുന്ന അതുകൊണ്ടുതന്നെ ആദ്യ രചനകൾ ഇംഗ്ലീഷിൽ ആയിരുന്ന എഴുതിയിരുന്നത്. ഇംഗ്ലീഷിൽ കവിത എഴുതുന്ന ഇന്ത്യക്കാരിൽ പ്രമുഖയായിരുന്ന മാധവിക്കുട്ടി. കേരളത്തിൽ മാധവിക്കുട്ടി എന്ന തൂലികാനാമത്തിൽ എഴുതിയ ചെറുകഥകളിലൂടെയും ജീവചരിത്രത്തിലൂടെയും അവർ പ്രശസ്തിയാർജിച്ചു. ആധുനിക ഇന്തോ ആംഗ്ലിയൻ കവിതയുടെ മാതാവ് എന്നവർ വിളിക്കപ്പെട്ടു. 1999 ഇസ്ലാം മതം സ്വീകരിച്ചതിന് ശേഷം സുരയ്യ എന്ന നാമം സ്വീകരിച്ചു. എഴുത്തച്ഛൻ പുരസ്കാരം കേരള സാഹിത്യ അക്കാദമി പുരസ്കാരം എന്നിങ്ങനെ ഒരുപാട് പുരസ്കാരങ്ങൾ. നാലാം പാട്ട് തൻറെ തറവാട് കേരള സാഹിത്യ അക്കാദമിക്ക് ഇഷ്ടദാനം ചെയ്തു. 1973 മാധവിക്കുട്ടി 'എൻറെ കഥ' എന്ന ആത്മകഥ രചിച്ചു. 2009 മെയ് 33 കമലാദാസ് അന്തരിച്ചു.

1984ൽ സാഹിത്യത്തിനുള്ള നോബൽ സമ്മാനത്തിന് നാമനിർദ്ദേശം ചെയ്യപ്പെട്ടു. അനാഥരായ അമ്മമാരെയും സ്ത്രീകളെയും സംരക്ഷിക്കുവാനും മനുഷ്യത്വ പ്രവർത്തനങ്ങൾക്കുമായി ലോക്സേവാ ചാരിറ്റബിൾ ട്രസ്റ്റ് എന്ന സംഘടന ആരംഭിച്ചു. നാലപ്പാട്ടെ തൻ്റെ തറവാട് കേരള സാഹിത്യ അക്കാദമിക്കായി മാധവിക്കുട്ടി ഇഷ്ടദാനം കൊടുത്തു. സ്ത്രീകളുടെ ലൈംഗിക അവകാശങ്ങളെയും അഭിലാഷങ്ങളേയും കുറിച്ച് സത്യസന്ധതയോടെയും ധൈര്യത്തോടെയും എഴുതാൻ തുനിഞ്ഞ ഇന്ത്യയിലെ ആദ്യത്തെ എഴുത്തുകാരികളിലൊന്ന് എന്ന പദവി മാധവിക്കുട്ടിക്കാണെന്ന് പല എഴുത്തുകാരും കരുതുന്നു.

## കൃതികൾ - മലയാള ഭാഷയിൽ:

മൂന്ന നോവലുകൾ,കടൽ മയൂരം, ഭയം എന്റെ നിശാവസ്ത്രം, എന്റെ സ്നേഹിത അരുണ,ചുവന്ന പാവാട, പക്ഷിയുടെ മണം, തണുപ്പ് , മാനസി, മാധവിക്കുട്ടിയുടെ തിരഞ്ഞെടുത്ത കഥകൾ, എന്റെ കഥ, കോലാട് വർഷങ്ങൾക്കു മുൻപ് , ഡയറിക്കുറിപ്പുകൾ, നീർമാതളം പൂത്തകാലം, നഷ്ടപ്പെട്ട നീലാംബരി,ചന്ദന മരങ്ങൾ, മനോമി, വീണ്ടും ചില കഥകൾ, ഒറ്റയടിപ്പാത, എൻ്റെ കഥകൾ, സുരയ്യ പാടുന്നു, അമ്മ, സസ്നേഹം, യാ അല്ലാഹ്, കവാടം, അമാവാസി, വണ്ടിക്കാളകൾ.


## ഇംഗ്ലീഷ് ഭാഷയിൽ:

കൽക്കട്ടയിലെ വേനൽ (Summer in kolkata),കാമത്തിന്റെ അക്ഷരങ്ങൾ (Alphabet of the lust) പിതൃപരമ്പര (The Descendants),പഴയ കളിവീടും മറ്റു കവിതകളും (Old Play House and Other Poems), തിരഞ്ഞെടുത്ത കവിതകൾ (Collected Poems),ചൂളംവിളികൾ (The Sirens), പക്ഷിയുടെ മണം (The scent of the bird),നരിചീറുകൾ പറക്കുമ്പോൾ(short stories), തണുപ്പ് (short story), (autobiography), ബാല്യകാല സമരണങ്ങൾ.

****************************************** Vaiga surendran -9A



## കഥ : ചൂരൽ വടിയും കുട്ടികളും



സബർമതി ആശ്രമത്തോട് ചേർന്ന് ഒരു വിദ്യാലയം ഉണ്ടായിരുന്നു. കുട്ടികളെ വടികൊണ്ട് ശിക്ഷിക്കുന്ന ഏർപ്പാട് അവിടെയില്ല. ക്ലാസുകളിൽ അധ്യാപകർ വടി കൊണ്ടുപോകുന്നത് പോലും വിലക്കിയിരുന്നു. അഹിംസയായിരുന്നു വിദ്യാലയത്തിന്റെ ആദർശം. എന്നാലും ഇവിടെയും ചിലപ്പോഴൊക്കെ കാര്യങ്ങൾ അവതാളത്തിലാവും. വല്ലപ്പോഴും ചില വികൃതികളെ ഒന്നു രണ്ടു പൊട്ടിക്കാൻ അധ്യാപകർക്ക് തോന്നിപ്പോകും. ചില കുറുമ്പന്മാരുടെ ധിക്കാരം അത്രയ്ക്കും മൂക്കും. ചില കുറുമ്പന്മാർ നേരമ്പോക്കും കുസൃതിത്തരങ്ങളും ധിക്കാരങ്ങളും കൊണ്ട് അധ്യാപകരെ പൊറുതിമുട്ടിക്കും. പാവം അധ്യാപകർ എല്ലാവിധ ഹിംസാരീതികളും പയറ്റി നോക്കും. പക്ഷേ, ഫലം തഥൈവ.

ഗാന്ധിജിയുടെ സബർമതിയിൽ അഹിംസ ഫലിക്കുന്നില്ലെന്ന് പ്രഖ്യാപിക്കുവാൻ അധ്യാപകർക്കു മടി. അവസാനം പ്രശ്നം ഗാന്ധിജിയുടെ ചെവിയിലെത്തി. ഗാന്ധിജി അധ്യാപകരെ വിളിച്ചു. ചർച്ചയായി. അധ്യാപകരോട് പറഞ്ഞു : "ഈ പ്രശ്നത്തിന് രണ്ടു വഴികളാണ് ഞാൻ കാണുന്നത്. ഒന്ന് : അഹിംസാമാർഗങ്ങൾ വിദ്യാർത്ഥികളിൽ ഏശുന്നില്ലെങ്കിൽ അധ്യാപകന് ചൂരൽ എടുക്കാം. രണ്ട്: ചൂരൽ പ്രയോഗം കൊണ്ട് താൽക്കാലിക ഫലമേ ഉണ്ടാകു എന്ന് മനസ്സിലാക്കി അധ്യാപകർ പരാജയപ്പെട്ടാൽ അത് തുറന്നു സമ്മതിക്കുക." ഒരു അധ്യാപകൻ ആദ്യത്തെ മാർഗ്ഗമാണ് പ്രയോഗിക്കാൻ ഇഷ്ടപ്പെട്ടത്. അഹിംസ മാർഗ്ഗങ്ങൾ എല്ലാം പയറ്റി. രക്ഷയില്ല.ചൂരൽ കൊണ്ട് നാല് പൊട്ടിച്ചു. പക്ഷേ അതുകൊണ്ടും വിദ്യാർത്ഥി വഴിക്ക് വരുന്നില്ല. ഗാന്ധിജിക്ക് ഈ അധ്യാപകനെ നന്നായി അറിയാമായിരുന്നു. ചൂരൽ പ്രയോഗത്തിൽ മുന്നോട്ടുപോകാൻ ഗാന്ധിജി അദ്ദേഹത്തെ അനുവദിച്ചു. ആശ്രമത്തിലെ ചില ആദർശവാദികൾ മൂക്കത്ത് വിരൽ വച്ചു. ഗാന്ധിജി അഹിംസയുമായി സന്ധി ചെയ്യുതിരിക്കുന്നു. അധ്യാപകൻ വടി പ്രയോഗവുമായി മുന്നോട്ടുപോയി. വടിപ്രയോഗത്തിലൂടെ വിദ്യാർഥി പുരോഗമിക്കുന്നുണ്ടെന്നായി അധ്യാപകൻ. ഗാന്ധിജി മിണ്ടിയില്ല. അദ്ദേഹം തന്റെ ചിന്താ ആരോടും പറഞ്ഞില്ല. കുറച്ച് ആഴ്ചകൾ കഴിഞ്ഞപ്പോൾ അധ്യാപകൻ ഗാന്ധിജിയോട് തുറന്നു സമ്മതിച്ചു: ചൂരൽ പ്രയോഗം കൊണ്ട് വെറും താൽക്കാലിക പുരോഗതി മാത്രം. വിദ്യാർത്ഥി ഇപ്പോൾ പഴയതിനേക്കാൾ പ്രശ്നം. വികൃതി! താന്തോന്നി! ധിക്കാരി!

പക്ഷേ, പരീക്ഷണം ഇവിടം കൊണ്ട് നിന്നില്ല.അധ്യാപകൻ ആ വിദ്യാർത്ഥിയെ പ്രത്യേകം ശ്രദ്ധിച്ചു. സ്നേഹപൂർവ്വം തെറ്റുകൾ തിരുത്തി.സ്നേഹവും ശ്രദ്ധയും വിദ്യാർത്ഥിയും ചലനം ഉണ്ടാക്കി. അവൻ സ്നേഹത്തോടെ പ്രതികരിച്ചു.ഈ സത്യം ഗാന്ധിജി നേരത്തെ മനസ്സിലാക്കിയിരുന്നു. സ്നേഹത്തിനു മുന്നിൽ ഏതു കല്ലും അലിയും!

************************************************

കവിത : **ബാഷ്പാഞ്ജലി**



ഒരു കൊച്ചു ഗ്രാമത്തിൽ പുഴയുടെ തീരത്ത്..
ഒരു കാലം ഞാനും വസിച്ചിരുന്നു..
കൊലുസണിഞ്ഞൊ ഒഴുകുന്ന പുഴയുടെ താളത്തിൽ..
ആ കൊച്ചു വീടും നിറഞ്ഞിരുന്നു..

വറ്റി വരണ്ടൊരു ഉമ്മയും   പെൺമക്കൾ മൂന്നെണ്ണം.
വീടിനു വിളകായ് തെളിഞ്ഞു നിന്നു.
നാടിൻ തിളക്കമായി നിന്നായാ പെൺപൂക്കൾ.
മൂന്നു വഴിക്ക് പറന്നകന്നു...

കണ്ണീർ കണത്തിന്റെ പരിശുദ്ധിയുള്ളവൾ. ദൂരെക്കും ദൂരത് കൂടൊരുക്കി.
ആ കൊച്ചു കൂരയിൽ ഉമ്മ തനിച്ചായി.
കൂട്ടിന്നാ പുഴ മാത്രം ബാക്കിയായി ..

പുഴയിലെ കാറ്റേ നീ വീശി നടന്നപ്പോൾ ഉമ്മാന്റെതേങ്ങൽ നീ കേട്ടിരുന്നോ?

ഒറ്റപ്പെടലിന്റെ വിരഹവും പേറി
ആ കൊച്ചു ഗ്രാമത്തെ വിട്ടുപോയി..
നാളുകൾ ഏറെ കഴിഞ്ഞിട്ടോരിക്കൽ
നാലാൾ പിടിച്ചൊരു മഞ്ചലെത്തി.

വിയർപ്പിന്റെ ഗന്ധമുള്ള ആ  മൺകുടിലിൽ നിർജീവമായി കിടന്നു ഉമ്മ.
ഒരുമാത്ര പിന്നിട്ട നേരത്തവർ വീണ്ടും
ആ മഞ്ചൽ കൊണ്ടവർ യാത്രയായി....

കിളിയില്ല കൂടിന്റെ ഉമ്മറത്തിണ്ണയിൽ ഞാനെന്റെ ചിന്തയെ സ്വന്തമാക്കി.
പുഴയോരത്തുള്ളയാ കുഞ്ഞുകിളിക്കൂട്ടിൽ ഓർമകളെല്ലാം അടച്ചുപൂട്ടി.

********************************************** -Rida dilfa 9A

## ലേഖനം: ഞങ്ങൾക്കും പറയാനുണ്ട്

എല്ലാം മൗനത്തിലാണ്ടതാണെന്ന് തോന്നുമെങ്കിലും, ഈ ഭൂമിയിലെ ഓരോ വസ്തുവിനും ഉള്ള് പൊട്ടി വിതുമ്പാനും മനസ്സ് തുറന്ന് പറയാനും ഏറെയുണ്ട്. അത് മനുഷ്യരായാലും പ്രകൃതിയായാലും ഉള്ളിലെ വേദനയും ആഹ്ലാദവും പ്രകടിപ്പിക്കാൻ സാധിക്കും. അത് മനസ്സിലാക്കാൻ ഇച്ചിരി പ്രയാസമാണെന്നുമാത്രം.ആ പ്രയാസം നിഷ്പ്രയാസമാക്കാൻ ചുരുക്കം ചിലർക്കുപറ്റുകയൊള്ളൂ എന്നതാണ് മഹാസത്യം. ഉള്ളിന്റെ ഉള്ളിലെ കത്തിജ്വലിക്കുന്ന തീനാളത്തിന്റെ ഗാഢത പ്രകടിപ്പിക്കാൻ മനുഷ്യർ, വാക്കാലോ, നോക്കാലോ, കർമത്തിലൂടെയോ വളരെ പെട്ടെന്ന് തന്നെ മറ്റുള്ളവരോട് പ്രതികരിക്കും. ചിലപ്പോൾ അത് നമ്മൾക്ക് തന്നെ തിരിച്ചടിയായി വരാറുണ്ട്.

എന്നാൽ ഇത്തരമൊരു മാർഗത്തിലൂടെയും പ്രതികരിക്കാൻ കഴിയാത്ത പ്രകൃതി എന്ത് തെറ്റ് ചെയ്തു?അതിന്റെ മറുപടി ഏറെ വിശദവും അർത്ഥവത്തുള്ളതുമാണ്. നമ്മൾ ക്രൂരരായ മനുഷ്യർ എപ്പോഴാണ് പ്രകൃതിയെ നോവിക്കാത്തത്? അതിനുമാത്രം പ്രകൃതി നമ്മളോട് എന്ത് തെറ്റാണ് ചെയ്തത്? നമ്മെ സംരക്ഷിക്കുന്നത്കൊണ്ടോ? നമ്മുടെ ജീവൻ നിലനിർത്താൻ സഹായിക്കുന്നതുകൊണ്ടോ? നമ്മളെ നമ്മളാക്കിയതുകൊണ്ടോ? അങ്ങനെ എണ്ണിയാൽ തീരാത്തത്രെ ചോദ്യങ്ങൾ. നമ്മുടെ പ്രവർത്തിയോട് മറുപടിയായി പ്രകൃതി മഴ, കൊടുംകാറ്റ്, ഉരുൾപൊട്ടൽ, സുനാമി, അഗ്നിപർവത സ്ഫോടനങ്ങൾ അങ്ങനെ പല രൂപത്തിലും ഭാവത്തിലും പ്രതികരിക്കുന്നു. നേരത്തെ ചോദിച്ച ചോദ്യങ്ങളെല്ലാം പ്രകൃതി നമ്മളോടൊരിക്കൽ ചോദിക്കുകയാണെങ്കിൽ ഉത്തരം മുട്ടി നമ്മൾ ലജ്ജയോടെ നിൽക്കുമെന്നതിൽ സംശയമില്ല. നമ്മൾ അതിലൂടെ കുറ്റവാളിയായി മാറുകയും ചെയ്യും. അങ്ങനെ പ്രകൃതിയും പറയാൻ തുടങ്ങിയിരിക്കുന്നു.....

-Abhirami. K-9.A

"ഉള്ളിന്റെ ഉള്ളിലെ കത്തിജ്വലിക്കുന്ന തീനാളത്തിന്റെ ഗാഢത പ്രകടിപ്പിക്കാൻ മനുഷ്യർ, വാക്കാലോ, നോക്കാലോ, കർമത്തിലൂടെയോ വളരെ പെട്ടെന്ന് തന്നെ മറ്റുള്ളവരോട് പ്രതികരിക്കും"





Inspirational Short Moral Story:

## The Little Boy Who Was Cursed




One day not so long ago there lived a very angry little boy. Everything in life and everything about life made him angry. The more angry he became the more frustrated he became and the more frustrated he became well that just made him more angry.

He began to hurt the people around him who loved him the most. With each new insult and angry outburst he was hurting those that cared. He wasn't seeing the consequences of his anger. He couldn't understand that his actions were causing others pain and hurt, he was too consumed by his own rage to even notice.

After a particularly bad outburst his mother had sent him to walk in the woods and think about things until he had calmed down. It was on this day, walking in the woods, that he met a witch that was about to change his life for the better.

## നിരീക്ഷണക്കുറിപ്പ്: ദൈവത്തിൻറെ ചാരന്മാർ



സോഷ്യൽ മീഡിയയിലൂടെ നമുക്കെല്ലാവർക്കും സുപരിചിതനായ വ്യക്തിയാണ് ജോസഫ് അന്നംകുട്ടി ജോസ്. അദ്ദേഹം എഴുതിയ പ്രധാനപ്പെട്ട ബുക്കുകളിൽ ഒന്നാണ് ദൈവത്തിൻറെ ചാരന്മാർ. ചെറുപ്രായത്തിൽ ഒരുപാട് കേട്ടിട്ടുള്ള മാലാഖമാരുടെ കഥ അദ്ദേഹത്തെ ഏറെ സ്വാധീനിച്ചു . ദൈവം ഭൂമിയിലേക്ക് പറഞ്ഞുവിടുന്ന മാലാഖമാർക്ക് ചിറകുകളും മറ്റും ഉണ്ടെന്നാണ് അദ്ദേഹം കരുതിയിരുന്നത്. എന്നാൽ ജീവിതത്തിലെ ഓരോ സാഹചര്യങ്ങളിലൂടെ അദ്ദേഹം മനസ്സിലാക്കി നമ്മുടെ കൂടെയുള്ളവർ തന്നെയാണ് മാലാഖമാർ എന്നും അവരുടെ മനസ്സ് തന്നെയാണ് ചിറകുകൾ എന്നും. നന്മയും തിന്മയും സ്നേഹവും ദേഷ്യവും നിറഞ്ഞ ഒരുപാട് മാലാഖമാരെ ജീവിതത്തിലൂടെ നമുക്ക് കാണാൻ കഴിയുമെന്നും അവരിലൂടെ ഒരുപാട് നല്ല ഓർമ്മകളും മറക്കാനാവാത്ത നിമിഷങ്ങളും അവർ നമ്മുടെ ജീവിതത്തിലെ പടികളിലൂടെ ഇറങ്ങിപ്പോകുന്നത് .

ജീവിത സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലം എപ്പോഴും ദേഷ്യം സ്വഭാവങ്ങൾ മാത്രം പുറത്തു കാണിക്കുന്ന അമ്മയെ കുറിച്ചും എന്നും തന്നെ മനസ്സിലാക്കാൻ കഴിയുന്ന അച്ഛനെ കുറിച്ചും ഒരുപാട് ഓർമ്മകൾ ഇല്ലെങ്കിലും എപ്പോഴും തന്നെ കുറിച്ച് ചിന്തിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന സഹോദരങ്ങളെ കുറിച്ചും അദ്ദേഹം ഈ പുസ്തകത്തിൽ പരാമർശിക്കുന്നത്. യാദൃശ്ചികമായ കടന്നു വരവിലൂടെ തൻറെ കണ്ണുകളെ തുറപ്പിച്ച ചിലരെയും അദ്ദേഹം പുസ്തകത്തിൽ നമുക്ക് കാണിച്ചു തരുന്നുണ്ട്. ജീവിതം ഒരു യാത്രയാണ് അതിലൂടെ യാദൃശ്ചികമായ കടന്നു വരുന്ന ചില മനുഷ്യരെയും അവരുടെ കടന്നുപോകും നമുക്ക് പുതിയ അനുഭവങ്ങൾ നേരുന്നു.

-Rida dilfa 9A





## UNDER THE HARVEST MOON




***Under the harvest moon,***
***When the soft silver***
***Drips shimmering***

***Over the garden night,***
***Death, the gray mocker,***
***Comes and whispers to you***
***As a beautiful friend***
***Who remembers.***

***Under the summer roses***
***Whenever the flagrant crimson***
***lurks in the dusk***

***Of the wild red leaves,***
***Love, with little hands,***
***Comes and touches you***

***With a thousand memories,***
***And asks you***
***Beautiful, unanswerable questions..!!***

************************************* -Muhammad Muhthasim





ലേഖനം:

# How to overcome fear??

ഭയത്തെ മറികടക്കുന്നത് പലപ്പോഴും ക്രമേണ അതിനെ അഭിമുഖീകരിക്കുകയും ചെറിയ ഘട്ടങ്ങളായി അതിനെ തകർക്കുകയും കാലക്രമേണ ആത്മവിശ്വാസം വളർത്തുകയും ചെയ്യുന്നു. മറ്റുള്ളവരിൽ നിന്ന് പിന്തുണ തേടുക, റിലാക്സേഷൻ ടെക്നിക്കുകൾ പരിശീലിക്കുക, നെഗറ്റീവ് ചിന്തകൾ പുനഃസ്ഥാപിക്കുക എന്നിവയും സഹായകമാകും.
നമ്മുടെ ജീവിതത്തിന്റെയും വ്യവസായത്തിന്റെയും വിവിധ വശങ്ങളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസും (AI) റോബോട്ടിക്സും വളരെ പ്രാധാന്യമർഹിക്കുന്നു. അവയുടെ പ്രാധാന്യം എടുത്തുകാണിക്കുന്ന ചില പ്രധാന പോയിന്റുകൾ ഇതാ:

1. **ഓട്ടോമേഷനും കാര്യക്ഷമതയും:** AI, റോബോട്ടിക്സ് എന്നിവ ആവർത്തിച്ചുള്ള ജോലികളുടെ ഓട്ടോമേഷൻ പ്രാപ്തമാക്കുന്നു, ഇത് വിവിധ മേഖലകളിൽ കാര്യക്ഷമതയും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നു. നിർമ്മാണം, ലോജിസ്റ്റിക്സ്, പതിവ് വിവര പ്രോസസ്സിംഗ് എന്നിവയിൽ ഇത് പ്രത്യേകിച്ചും പ്രയോജനകരമാണ്.

2. **കൃത്യതയും കൃത്യതയും:** AI അൽഗോരിതങ്ങളും റോബോട്ടിക് സിസ്റ്റങ്ങളും ഘടിപ്പിച്ച യന്ത്രങ്ങൾക്ക് പലപ്പോഴും മനുഷ്യന്റെ കഴിവുകളെ മറികടക്കുന്ന കൃത്യതയും കൃത്യതയും ഉള്ള ജോലികൾ ചെയ്യാൻ കഴിയും. മെഡിക്കൽ സർജറികൾ, നിർമ്മാണ പ്രക്രിയകൾ, ഗുണനിലവാര നിയന്ത്രണം തുടങ്ങിയ മേഖലകളിൽ ഇത് നിർണായകമാണ്.

3. **ഡാറ്റ വിശകലനവും തീരുമാനങ്ങൾ എടുക്കലും:** വലിയ ഡാറ്റാസെറ്റുകൾ വിശകലനം ചെയ്യുന്നതിലും പാറ്റേണുകൾ തിരിച്ചറിയുന്നതിലും ഡാറ്റാധിഷ്ഠിത തീരുമാനങ്ങൾ എടുക്കുന്നതിലും AI മികച്ചതാണ്. ബിസിനസ്സ് അനലിറ്റിക്സ്, സാമ്പത്തിക മോഡലിംഗ്, തന്ത്രപരമായ ആസൂത്രണം എന്നിവയിൽ ഇത് വിലപ്പെട്ടതാണ്.

4. ** ഇന്നൊവേഷനും ഗവേഷണവും:** ഒന്നിലധികം മേഖലകളിലുടനീളം ഗവേഷണത്തിനും വികസനത്തിനുമുള്ള ഉപകരണങ്ങൾ നൽകിക്കൊണ്ട് AI, റോബോട്ടിക്സ് നവീകരണത്തെ നയിക്കുന്നു. വൈദ്യശാസ്ത്രം, മെറ്റീരിയൽ സയൻസ്, മറ്റ് ശാസ്ത്രശാഖകൾ എന്നിവയിലെ പുരോഗതിക്ക് അവർ സംഭാവന നൽകുന്നു.

5. **മെച്ചപ്പെട്ട സുരക്ഷ:** അപകടകരമായ പരിതസ്ഥിതികളിൽ റോബോട്ടിക്സ് ഉപയോഗിക്കാൻ കഴിയും, അപകടകരമായ സാഹചര്യങ്ങളിലേക്കുള്ള മനുഷ്യരുടെ സമ്പർക്കം കുറയ്ക്കുന്നു. വിഷ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുക, ദുരന്തബാധിത പ്രദേശങ്ങൾ പര്യവേക്ഷണം ചെയ്യുക, അല്ലെങ്കിൽ ബഹിരാകാശത്ത് ജോലികൾ ചെയ്യുക തുടങ്ങിയ ജോലികൾ ഇതിൽ ഉൾപ്പെടുന്നു.

6. **മെച്ചപ്പെടുത്തിയ ഉപഭോക്തൃ അനുഭവങ്ങൾ:** ചാറ്റ്ബോട്ടുകളും വെർച്വൽ അസിസ്റ്റന്റുകളും ഉൾപ്പെടെയുള്ള AI സാങ്കേതികവിദ്യകൾ, വേഗത്തിലുള്ളതും വ്യക്തിഗതമാക്കിയതുമായ പ്രതികരണങ്ങൾ നൽകിക്കൊണ്ട് ഉപഭോക്തൃ ഇടപെടലുകൾ മെച്ചപ്പെടുത്തുന്നു. ഇത് ഉപഭോക്തൃ സംതൃപ്തിയും വിശ്വസ്തതയും വർദ്ധിപ്പിക്കുന്നു.

**ഭയത്തെ മറികടക്കുന്നത് പലപ്പോഴും ക്രമേണ അതിനെ അഭിമുഖീകരിക്കുകയും ചെറിയ ഘട്ടങ്ങളായി അതിനെ തകർക്കുകയും കാലക്രമേണ ആത്മവിശ്വാസം വളർത്തുകയും ചെയ്യുന്നു..!!**

7. **ആരോഗ്യ സംരക്ഷണ പുരോഗതി:** മെഡിക്കൽ ഡയഗ്നോസ്റ്റിക്സ്, മയക്കുമരുന്ന് കണ്ടെത്തൽ, വ്യക്തിഗതമാക്കിയ ചികിത്സാ പദ്ധതികൾ എന്നിവയിൽ AI സഹായിക്കുന്നു. റോബോട്ടിക് സംവിധാനങ്ങൾ ശസ്ത്രക്രിയകളെ സഹായിക്കുന്നു, നടപടിക്രമങ്ങൾ ആക്രമണാത്മകവും കൂടുതൽ കൃത്യവുമാക്കുന്നു.

8. **ബഹിരാകാശ പര്യവേക്ഷണം:** ബഹിരാകാശ ദൗത്യങ്ങൾ, ഗ്രഹ പര്യവേക്ഷണം, ഉപഗ്രഹ പരിപാലനം, ഡാറ്റ വിശകലനം തുടങ്ങിയ ജോലികൾ കൈകാര്യം ചെയ്യുന്നതിന് AI, റോബോട്ടിക്സ് എന്നിവ അത്യന്താപേക്ഷിതമാണ്. പ്രപഞ്ചത്തെക്കുറിച്ചുള്ള നമ്മുടെ ഗ്രാഹ്യത്തെ മുന്നോട്ട് കൊണ്ടുപോകുന്നതിൽ അവ നിർണായക പങ്ക് വഹിക്കുന്നു.

9. **തൊഴിൽ സൃഷ്ടിക്കലും പരിവർത്തനവും:** ഓട്ടോമേഷൻ ചില ജോലികൾ മാറ്റിസ്ഥാപിക്കുമ്പോൾ, AI, റോബോട്ടിക്സ് എന്നിവയും മെഷീൻ ലേണിംഗ്, റോബോട്ടിക്സ് എഞ്ചിനീയറിംഗ്, AI വികസനം തുടങ്ങിയ മേഖലകളിൽ പുതിയ അവസരങ്ങൾ സൃഷ്ടിക്കുന്നു. പുതിയ വൈദഗ്ധ്യം ആവശ്യമായി വരുന്ന തൊഴിൽ വിപണിയെ അവർ മാറ്റുന്നു.

10. **അസിസ്റ്റീവ് ടെക്നോളജികൾ:** വൈകല്യമുള്ള വ്യക്തികൾക്കായുള്ള സഹായ സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതിനും ഉൾക്കൊള്ളുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും AI, റോബോട്ടിക്സ് എന്നിവ സംഭാവന ചെയ്യുന്നു.

11. **സാമ്പത്തിക വളർച്ച:** നൂതനാശയങ്ങൾ പരിപോഷിപ്പിക്കുന്നതിലൂടെയും പുതിയ വ്യവസായങ്ങൾ സൃഷ്ടിക്കുന്നതിലൂടെയും ആഗോള വിപണിയിൽ മത്സരക്ഷമത വർദ്ധിപ്പിക്കുന്നതിലൂടെയും AI, റോബോട്ടിക്സ് എന്നിവ സാമ്പത്തിക വളർച്ചയ്ക്ക് ഗണ്യമായ സംഭാവന നൽകുന്നു.

ചുരുക്കത്തിൽ, AI, റോബോട്ടിക്സ് എന്നിവയുടെ പ്രാധാന്യം കാര്യക്ഷമത വർധിപ്പിക്കുന്നതിനും നവീകരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും സുരക്ഷ മെച്ചപ്പെടുത്തുന്നതിനും നമ്മുടെ ദൈനംദിന ജീവിതത്തിന്റെയും വ്യവസായങ്ങളുടെയും വിവിധ വശങ്ങളെ ക്രിയാത്മകമായി സ്വാധീനിക്കുന്നതിനും ഉള്ള കഴിവിലാണ്..!!




*********************************************Rizin &shenza KC



# അമ്മ




കനി വളരെ നേരത്തെ തന്നെ സ്കൂളിലേക്ക് പുറപ്പെട്ടു. "ഒരുപാട് നേരത്തെയാണല്ലോ"എന്നൊന്നും അമ്മ ചോദിച്ചില്ല. ഇപ്പൊ അമ്മക്കുമറിയാം കനി തിടുക്കം കൂട്ടുന്നതെന്തിനാണെന്ന്... തലേന്ന് രാത്രി കനി അമ്മയോട് പറഞ്ഞിരുന്നു സുന്ദരി വാവയെ കണ്ടത്... അമ്മ അറിയാതെ വാവയ്ക്ക് ദോശയും പാലും കൊണ്ടുപോയത്.. വാവയുടെ അമ്മയെ "അമ്മേ " എന്നു വിളിച്ചത്.. അമ്മയെ കെട്ടിപ്പിടിച്ച് കിടന്ന് അവൾ ഓരോന്നോരോന്നായി വർണ്ണിച്ചു. അമ്മ എല്ലാം മൂളി കേട്ടു "നന്നായി.. നന്നായി". എന്ന് അഭിപ്രായപ്പെട്ടു. രാത്രി ഒരുപാട് ആയിട്ടും കനി നിർത്തുന്നില്ലെന്ന് കണ്ട് ഇനി അമ്മേടെ സുന്ദരിവാവ ഉറങ്ങിക്കോളൂ എന്നും പറഞ്ഞ് കനിയെ ഉമ്മവച്ചു. പിന്നെ കനിക്കിഷ്ടപ്പെട്ട ഒരു പാട്ട് മൂളി...

ഇന്ന് അമ്മയാണ് ഇതിലെയും പാലമൊക്കെ പാത്രത്തിൽ ആക്കി കനിയുടെ ബാഗിൽ വെച്ചത്.. അല്ല ഞാവൽ മരത്തിന്റെ ചോട്ടിൽ കൂട്ടുകാരും എത്തിയിട്ടില്ലല്ലോ! ഇളം കാറ്റ് മാത്രം ഞാവൽമരത്തോട് കൊഞ്ചി കുറുങ്ങി നിൽക്കുന്നു. കനിയുടെ കണ്ണുകൾ തൊട്ടിലിലേക്ക് നീണ്ടു. തൊട്ടിൽ ഒഴിഞ്ഞു കിടക്കുകയാണ് സുന്ദരി വാവേ എവിടെ? അവൾ ആകാംഷയോടെ ചുറ്റും നോക്കി. ഇടവഴിയുടെ വാവയുടെ കൂട്ട് പണിയെടുക്കുന്നുണ്ട്. അക്കൂട്ടത്തിൽ വാവയുടെ അമ്മയുണ്ടോ ആവോ കനിക്ക് ഉത്കണ്ഠ മറച്ചുവെക്കാൻ ആയില്ല.

